പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം
നം. 888

30.10.2019-ൽ മറുപടിയ്ക്ക്

## മാവേലിക്കരയിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) ശ്രീ. പി. കൃഷ്ണപിള്ളയുടെ നാമധേയത്തിൽ ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ള നവോത്ഥാന സാംസ്കാരിക സമുച്ചയത്തിനായി മാവേലിക്കരയിൽ അനുയോജ്യമായ 5.00 ഏക്കർ സർക്കാർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമി മുമ്പ് നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ ഭാഗമായിരുന്നു. തുടർന്ന് ഇൻഡോ ടിബറ്റൻ ബോർഡർ പോലീസിന്റെ മ്യൂസിയ നിർമ്മാണത്തിനായി പ്രസ്തുത ഭൂമി (7.4 ഏക്കർ ഭൂമി) അളന്ന് തിരിച്ച് നൽകുകയുണ്ടായിയെങ്കിലും, ആയത് ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. പ്രസ്തുത 7.4 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമിയുടെ കൈവശാവകാശം ആരോഗ്യ വകുപ്പിൽ നിന്ന് സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) മാവേലിക്കര മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) മാവേലിക്കര മണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പമ്പാ ഇറിഗേഷൻ പ്രൊജക്റ്റ് വക റി-സർവ്വേ നമ്പർ. 556/4-ൽ പ്പെട്ട 30 സെന്റ് സ്ഥലത്ത് (കൊല്ലം-തേനി ദേശീയ പാതയ്ക്ക് അരികെ) ഒരു നാട്ടരങ്ങ് സ്ഥാപിക്കുന്നതിന് തടസ്സമില്ലായെന്ന നിരാക്ഷേപ പത്രം ഇറിഗേഷൻ വകുപ്പിൽ നിന്ന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ